പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 440 **10-02-2025-ൽ മറുപടിയ്ക്ക്**

<u>എം.എൽ.എ. ഫണ്ടുകളുടെ വിനിയോഗം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. മോഹനൻ ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) എം.എൽ.എ. എ.ഡി.എസ്./എസ്.ഡി.എഫ്. പ്രകാരമുള്ള ഫണ്ടുകൾ വിനിയോഗിക്കുന്നതിന് നേരത്തേയുള്ള മാനദണ്ഡങ്ങളിൽ നിലവിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

<u>മറുപടി:</u> ആസ്തി വികസന പദ്ധതിയിൻ കീഴിൽ കാലാകാലങ്ങളിൽ ഉത്തരവായിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 04/08/2018 ൽ സ.ഉ(അച്ചടി)നം. 119/2018/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ കാലാകാലങ്ങളിൽ ഉത്തരവായിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 29/12/2017 ൽ സ.ഉ(അച്ചടി) നം. 161/2017/ധന ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ സംബന്ധിച്ച ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

<u>മറുപടി:</u> മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) നേരത്തെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ നാശോന്മുഖമായിട്ടും മാനദണ്ഡ പ്രകാരം റീടാറിംഗ് അനുവദനീയമല്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

<u>മറുപടി:</u> ആസ്തി വികസന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുക എന്നതാണ്. റോഡുകളുടെ അറ്റകുറ്റപ്പണികൾ ടി പദ്ധതിയുടെ പരിധിയിൽ വരാത്തതും, തുടർ പരിപാലനം നടത്തേണ്ടത് ബന്ധപ്പെട്ട വകുപ്പുകളും, സ്ഥാപനങ്ങളുമാണ്.

(ഡി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ പുനപരിശോധിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>മറുപടി:</u> ടി പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നതു സംബന്ധിച്ച് ബഹു. നിയമസഭാ സാമാജികർ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ ശുപാർശകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഉചിത സമയത്ത് അനുയോജ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

സർക്കുലർ

നമ്പർ : 12/2024/ധന തിരുവനന്തപുരം, തീയതി : 27-02-2024

വിഷയം:- ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ പ്രവൃത്തി പൂർത്തീകരിച്ചാൽ സ്ഥാപിക്കേണ്ട Sign Board ന്റെ നിശ്ചിത ഫോർമാറ്റ് അനുവദിച്ച നല്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. സ.ഉ (അച്ചടി)നം.119/2018/ധന തീയതി 4/8/2018
2. സ.ഉ (അച്ചടി)നം. 161/2017/ധന തീയതി 29.12.2017

സൂചന 2 ഉത്തരവിൽ പ്രത്യേക വികസന നിധി പദ്ധതി പ്രകാരം പൂർത്തീകരിക്കുന്ന പ്രവർത്തിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്ഥാപിക്കേണ്ട Sign Board ന്റെ മാതൃക ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാതൃകയിൽ തന്നെ ആസ്തി വികസന ഫണ്ട് പ്രകാരം പൂർത്തിയാക്കുന്ന പ്രവർത്തികൾക്കും Sign Board സ്ഥാപിക്കാവുന്നതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഇന്ദു.ജി
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ് : -

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ)കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് II)കേരള, തിരുവനന്തപുരം
3. എല്ലാ എം.എൽ.എ മാർക്കും
4. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. എല്ലാ വകുപ്പ തലവൻമാർക്കും
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
9. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
12. ട്രഷറി ഡയറക്ടർ
13. നോഡൽ ഓഫീസർ (ഫിനാൻസ്) www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [2577059/NC-B3/ 154/2023-FIN]

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

സർക്കുലർ

നം. 25/2024/ധന

തിരുവനന്തപുരം, തീയതി : 17-04-2024

വിഷയം:- ധനകാര്യ വകുപ്പ് - എംഎൽഎ പ്രത്യേക വികസന നിധി - ഫണ്ട് അലോട്ട്മെന്റ്, വിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 29.12.2017 തീയതിയിലെ 161/2017/ധനം നമ്പർ സർക്കാർ ഉത്തരവ്

സൂചന ഉത്തരവ് പ്രകാരം എംഎൽഎ പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എംഎൽഎ മാരുടെ പ്രത്യേക വികസന ഫണ്ടിന്റെ അലോട്ട്മെന്റും വിനിയോഗവുമായി ബന്ധപ്പെട്ട് സുതാര്യത ഉറപ്പുവരുത്തുന്നതിനായി ചുവടെ കൊടുക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു സാമ്പത്തിക വർഷം ഒരു എംഎൽഎ യ്ക്ക് പ്രത്യേക വികസന നിധിക്ക് കീഴിൽ ഒരു കോടി രൂപയ്ക്ക് മാത്രമേ ഭരണാനുമതി നൽകാൻ കഴിയൂ എന്ന നിലവിലെ നടപടിക്രമം നിർബന്ധമായും തുടരേണ്ടതാണ്.

2. ജില്ലയിലെ മുഴുവൻ എംഎൽഎ മാരുടെ അലോട്ട്മെന്റ് (ഒരു കോടി വീതം) ബന്ധപ്പെട്ട ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസറായ ജില്ലാ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർക്ക് സാമ്പത്തിക വർഷം ആദ്യം അനുവദിക്കുന്ന രീതിയിൽ ചെറിയ മാറ്റം വരുത്തി ഒരു നിശ്ചിത ശതമാനം തുക ലംപ്സം വിഹിതമായി ചീഫ് കൺട്രോളിംഗ് ഓഫീസർക്ക് കൈവശം വയ്ക്കാവുന്നതാണ്.

3. സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്നുപാദവും (ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ) ഓരോ എംഎൽഎ യുടെയും അലോട്ട്മെന്റിൽ നിന്നും പ്രസ്തുത എംഎൽഎ യുടെ ക്ലെയിമുകൾ മാത്രം മാറി നൽകുന്ന നിലവിലെ രീതി തുടരേണ്ടതാണ്.

4. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ (ജനുവരി 1 മുതൽ മാർച്ച് 31 വരെ) ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാരുടെ പക്കൽ അവശേഷിക്കുന്ന വിഹിതവും ചീഫ് കൺട്രോളിംഗ് ഓഫീസറുടെ കൈയ്യിലുള്ള ലംപ്സം വിഹിതവും ബന്ധപ്പെട്ട എംഎൽഎ യ്ക്ക് ആ വർഷം ആവശ്യമായി വരുന്നില്ലാ എങ്കിൽ എംഎൽഎ/ജില്ലാതല അലോക്കേഷൻ എന്ന രീതി മാറ്റി പെന്റിംഗ് ക്ലെയിംസ് തീർപ്പാക്കാനായി ഫണ്ട് ചീഫ് കൺട്രോളിംഗ് ഓഫീസർക്ക് യുക്തി സഹജമായി വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത എംഎൽഎ യുടെ ആ വർഷം തീർപ്പാക്കാനുള്ള ബില്ലുകൾ പരിഗണിച്ച മാത്രമാണ് ഇപ്രകാരം റി-ഡിസ്ട്രിബ്യൂഷൻ നടത്തേണ്ടത്.

മിർ മുഹമ്മദ് അലി ഐ.എ.എസ്

സ്പെഷ്യൽ സെക്രട്ടറി ആന്റ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

പകർപ്പ് : -

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് II) കേരള, തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [2550054/NC-B1/148/2023-FIN]

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

ധനകാര്യ (നോഡൽസെന്റർ-ബി) വകുപ്പ്

നം: 42/2023/ധന **തിരുവനന്തപുരം, തീയതി : 09.05.2023**

സർക്കുലർ

വിഷയം :- ധനകാര്യ വകുപ്പ്- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി, എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പുതുക്കിയ ജി.എസ്.ടി ഉൾപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പരിഹരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 18.07.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.82/2022/നി.വ.

2. 15.09.2022 തീയതിയിലെ സർക്കുലർ നം. 79/2022/ധന.

സൂചനയിലെ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികളുടെ GST നിരക്ക് 18.07.2022 മുതൽ വർദ്ധിപ്പിച്ചിരുന്നു. പുതുക്കിയ ജി.എസ്.ടി ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ സൂചന രണ്ടിലെ സർക്കുലറിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പുതുക്കിയ ജി.എസ്.ടി നിരക്കിൽ ഭരണാനുമതി പുതുക്കുമ്പോൾ അധികമായി വേണ്ടി വരുന്ന തുക എപ്രകാരം കണ്ടെത്തണം എന്നത് സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ നൽകിയിരുന്നില്ല. കൂടാതെ, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി, എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പുതുക്കിയ ജി.എസ്.ടി ഉൾപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പരിഹരിക്കുന്നത് സംബന്ധിച്ചും വ്യക്തതയുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എം.എൽ.എ. മാരുടെ നിയോജക മണ്ഡല ആസ്തിവികസന പദ്ധതിയിൽ പുതുക്കിയ ജി.എസ്.ടി ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കുമ്പോൾ അധികമായി വേണ്ടി വരുന്ന തുക അതേ സാമ്പത്തിക വർഷത്തിലെ സേവിംങ്സ് ഇനത്തിൽ (Actual Savings/Tender Savings) ബാക്കി നിൽക്കുന്ന തുകയിൽ നിന്നോ സേവിംങ്സ് ലഭ്യമില്ലാത്ത സാഹചര്യത്തിൽ നടപ്പ വർഷത്തെ തുകയിൽ നിന്നോ എം.എൽ.എയുടെ ശുപാർശ പ്രകാരം കണ്ടെത്താവുന്നതാണ്.

2. എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽ, പുതുക്കിയ ജി.എസ്.ടി ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കുമ്പോൾ അധികമായി വേണ്ടി വരുന്ന തുക നടപ്പ വർഷത്തെ തുകയിൽ നിന്നും എം.എൽ.എയുടെ ശുപാർശ പ്രകാരം അനുവദിക്കാവുന്നതാണ്.

3. ആസ്തിവികസന പദ്ധതിയിൽ പുതിയ ജി.എസ്.ടി നിരക്കിൽ ഭരണാനുമതി പുതുക്കുമ്പോൾ ഈ ഇനത്തിൽ അധികമായി വേണ്ടി വരുന്ന തുക അതാത് ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നുതന്നെ കണ്ടെത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.എം.ജാഫർ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

എല്ലാ എം.എൽ.എ.മാർക്കും
ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ (ഫിനാൻസ്) ctfmweb@gmail.com
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E. File.No.2221390/NC.B3/139/2022-Fin)

ഉത്തരവിൻ പ്രകാരം
Sasidharan
അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

ധനകാര്യ (നോഡൽസെന്റർ-ബി) വകുപ്പ്

നം: 78/2023/ധന തിരുവനന്തപുരം, തീയതി : 03.08.2023

സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ്- നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയും എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയും - നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിനും ഉറപ്പുവരുത്തുന്നതിനും ജില്ലാ തലത്തിലുള്ള ക്രമീകരണങ്ങളും സർക്കാരിലേക്ക് അവലോകന റിപ്പോർട്ടുകൾ സമർപ്പിക്കുന്നതും - സംബന്ധിച്ച്.

സൂചന:- 1. സ.ഉ(അച്ചടി) നം.161/2017/ധന. തീയതി 29/12/2017.
2. സ.ഉ(അച്ചടി) നം.119/2018/ധന. തീയതി 04/08/2018.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി, എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി എന്നിവയുടെ ജില്ലാ തല നോഡൽ ഓഫീസർമാർ അതത് ജില്ലാ കളക്ടർമാരാണ്. ഓരോ ജില്ലയിലെയും ആസ്തിവികസന പദ്ധതിയിലും പ്രത്യേക വികസന നിധിയിലും ഉൾപ്പെട്ട പ്രവൃത്തികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സമയബന്ധിതമായി ജില്ലാ കളക്ടർമാർ ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പിൽ ലഭ്യമാക്കണമെന്നു സൂചന ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, പല ജില്ലകളിൽ നിന്നും ജില്ലാ കളക്ടർമാർ പ്രസ്തുത റിപ്പോർട്ടുകൾ ധനകാര്യ വകുപ്പിൽ ലഭ്യമാക്കാറില്ല എന്നതും പ്രസ്തുത പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് നടപ്പിലാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ ജില്ലയിലെയും ആസ്തിവികസന പദ്ധതിയിലും പ്രത്യേക വികസന നിധിയിലും ഉൾപ്പെട്ട പ്രവൃത്തികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സൂചന ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ളത് പ്രകാരം സമയബന്ധിതമായി ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

2. പ്രസ്തുത സ്കീമുകളിലെ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി ജില്ലാതലത്തിൽ ജില്ലാ വികസന കമ്മീഷണറോ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന മറ്റു ഓഫീസർമാരോ പ്രതിമാസം അവലോകനം നടത്തേണ്ടതും അവലോകന റിപ്പോർട്ട് ധനകാര്യ (നോഡൽ-ബി) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

3. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശനം നടത്തേണ്ടതും പരാമർശിത ഉത്തരവുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ജില്ലാ കളക്ടർമാർ വഴി ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

എ.എം.ജാഫർ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

എല്ലാ എം.എൽ.എ.മാർക്കും
ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
നോഡൽ ഓഫീസർ (ഫിനാൻസ്) ctfmweb@gmail.com
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E. File.No.2448095/NC.B3/94/2023-Fin)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

ധനകാര്യ (നോഡൽസെന്റർ-ബി) വകുപ്പ്

നം:81/2019/ധന. **തിരുവനന്തപുരം, തീയതി : 28/09/2019.**

സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങുന്നത് - വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 29/12/2017 ലെ ജി.ഒ (പി) നം.161/2017/ധന ഉത്തരവ്.

സൂചന ഉത്തരവിലെ അനുബന്ധം 1 ലെ ഇനം 34 പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങി നൽകൽ, വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചെലവുകൾ (ഡ്രൈവറുടെ ശമ്പളം ഉൾപ്പടെ), പരിപാലനം എന്നിവ സ്കൂൾ പി.ടി.എ വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ നിലവിൽ യാത്ര ചെയ്യാനുള്ള കുട്ടികളുടെ എണ്ണത്തിലെ കുറവ്, സ്കൂൾ ബസ്സിന്റെ ഇൻഷുറൻസ്, ഡ്രൈവറുടെ ശമ്പളം, മറ്റ് പരിപാലന ചെലവുകൾ എന്നിവ വഹിക്കുന്നതിനുള്ള സ്കൂളിന്റെ സാമ്പത്തിക ശേഷിക്കുറവ് എന്നീ കാരണത്താൽ സ്കൂൾ ബസ് തിരികെ ഏൽപ്പിക്കുന്നതിന്/മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നിരവധി ശിപാർശകൾ ഈ വകുപ്പിൽ ലഭിക്കുന്നുണ്ട്. നിരവധി സർക്കാർ നടപടി ക്രമങ്ങൾക്ക് ശേഷം എം.എൽ.എ ഫണ്ടുകളിൽ നിന്നും അനുവദിക്കുന്ന ബസ് തിരികെ ഏൽപ്പിക്കുന്നത് സർക്കാരിന് അനാവശ്യമായ സാമ്പത്തിക നഷ്ടമാണ് വരുത്തി വയ്ക്കുന്നത്.

ഈ സാഹചര്യത്തിൽ എം.എൽ.എ ഫണ്ടിൽ നിന്നും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം അനുവദിക്കുന്നതിന് മുൻപായി വാഹനത്തിന്റെ ഭാവി ചെലവുകളുമായി ബന്ധപ്പെട്ട വിശദമായ ഒരു റിപ്പോർട്ടും ആയത് വഹിക്കുവാനുള്ള സാമ്പത്തിക ശേഷി സ്കൂളിന്/പി.ടി.എ യ്ക്ക് ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം കളക്ടേറ്റിൽ നിന്നും ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്.ഉഷ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. എല്ലാ എം.എൽ.എ.മാർക്കും
2. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
4. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
8. എല്ലാ ഭരണവകുപ്പുകൾക്കും
9. എല്ലാ വകുപ്പ് തലവൻമാർക്കും
10. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. ട്രഷറി ഡയറക്ടർ
13. നോഡൽ ഓഫീസർ (ഫിനാൻസ്) www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [E 1282866]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

സർക്കുലർ

നമ്പർ : 80/2018/ധന തിരുവനന്തപുരം, തീയതി : 30/08/2018

വിഷയം: ധനകാര്യ വകുപ്പ് - പ്രളയക്കെടുതി ലഘൂകരിക്കുന്നതിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. സ.ഉ.(അച്ചടി) നം. 119/2018/ധന തീയതി 04/08/2018
2. 03/07/2018 ലെ സർക്കുലർ നം. 61/2018/ധന

സമാനതകളില്ലാത്ത രൂക്ഷമായ പ്രളയക്കെടുതിക്കാണ് ഓഗസ്റ്റ് മാസം സംസ്ഥാനം സാക്ഷ്യം വഹിച്ചത്. പല ജില്ലകളിലേയും റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കും കനത്ത നാശനഷ്ടമാണ് കാലവർഷം വരുത്തി വച്ചത്. ഈ അത്യപൂർവ്വ സാഹചര്യം കണക്കിലെടുത്തു കൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ പൂർവ്വ സ്ഥിതിയിലേക്ക് എത്തിക്കാൻ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കൂടി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടിയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18, 2018-19 എന്നിവയിൽ അനുമതി നൽകിയതും എന്നാൽ ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ റദ്ദാക്കി പകരം പ്രളയം മൂലം കേടുപാടുകൾ സംഭവിച്ചതോ തകർന്നതോ ആയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനോ പുനരുദ്ധരിക്കുന്നതിനോ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അനുമതിയുള്ളതും ഈ ഘട്ടത്തിൽ ഉപകാരപ്രദമായതുമായ മറ്റു പ്രവൃത്തികൾ നടപ്പാക്കുന്നതിനോ ഉള്ള ശിപാർശകൾ സമർപ്പിക്കാവുന്നതാണ്.
2. 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ അവശേഷിക്കുന്ന ആസ്തി വികസന ഫണ്ടും ഇതിനായി ചെലവഴിക്കാവുന്നതാണ്.
3. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 ന്റെ കീഴിൽ ശിപാർശകൾ സമർപ്പിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുമുള്ള സമയപരിധി 31/12/2018 ആയി ദീർഘിപ്പിച്ച് നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജീവ് കൗശിക്
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)

പകർപ്പ്:-

1. എല്ലാ എം.എൽ.എ. മാർക്കും
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
6. എല്ലാ വകുപ്പ് തലവൻമാർക്കും.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

9. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
10. പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
12. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
13. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. ട്രഷറി ഡയറക്ടർ
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ